പ്ലസ്ടു സ്കൂളുകളും മിനിസ്റ്റീരിയൽ സ്റ്റാഫ് നിയമനവും

33 [1434] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു അദ്ധ്യാപകർക്കുവേണ്ടി ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കാൻ എത്ര മിനിസ്റ്റീരിയൽ സ്റ്റാഫിനെ പുതുതായി ആവശ്യമായി വരും;

(ബി) എത്ര മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിച്ചു?

ഉത്തരം

(എ) & (ബി) ഹൈസ്കൂളുകളോടനുബന്ധിച്ചുതന്നെയാണ് ഹയർസെക്കണ്ടറി വിഭാഗവും പ്രവർത്തിച്ചുവരുന്നത് എന്നതിനാൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ അദ്ധ്യാപകരുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രത്യേകം മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും

34 [1435] ശ്രീ. വർക്കല കഹാർ :
,, വി. ഡി. സതീശൻ :
,, എം. എ. ചന്ദ്രശേഖരൻ:
,, കെ. ബാബു:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം വരെ പോസ്റ്റ് ക്രിയേഷൻ നടത്താത്തതുമൂലം ശമ്പളം ലഭിക്കാതിരുന്ന പ്ലസ്ടു അദ്ധ്യാപകർ എത്ര;

(ബി) ഇവരുടെ ശമ്പള കുടിശ്ശിക എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കുടിശ്ശിക ഉൾപ്പെടെ പ്ലസ്ടു അദ്ധ്യാപകർക്ക് ശമ്പളയിനത്തിൽ പ്രതിവർഷം ചെലവായ തുക എത്ര?

ഉത്തരം

(എ) ആന്റ് (ബി) 2001-2002 വിദ്യാഭ്യാസ വർഷം വരെ ഹയർസെക്കണ്ടറി വിഭാഗത്തിൽ ആവശ്യമായ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മതിയായ രേഖകൾ സഹിതം നിയമന അംഗീകാരത്തിനായി പ്രൊപ്പോസലുകൾ സമർപ്പിച്ച എല്ലാ അദ്ധ്യാപകർക്കും നിയമന അംഗീകാരം നൽകിക്കഴിഞ്ഞു.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly